## തിരുവനന്തപുരംജില്ലാ ടൂറിസം പ്രമോഷന് കൗണ്സില് കണ്ടക്റ്റഡ് ടൂര് ആരംഭിച്ചുകഴിഞ്ഞു.

തിരുവനന്തപുരം: കേരള പിറവി ദിനത്തില് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷന് കൗണ്സില് കണ്ടക്റ്റഡ് ടൂര് ബഹു.ടൂറിസം, സഹകരണം, ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രന് ഉദ്ഘാടനം ചെയ്തു. ഡി.റ്റി.പി.സി എക്സിക്യൂട്ടീവ് അംഗമായ ബഹു,സത്യന് എം.എല്.എ മുഖ്യ അതിഥി ആയിരുന്നു. തിരുവനന്തപുരത്തെ മുഖ്യ ടൂറിസം കേന്ദ്രങ്ങള് കോര്ത്തിണക്കി അനന്തപുരി ദര്ശനം എന്ന പേരില് പത്മനാഭ സ്വാമി ക്ഷേത്രം, കുതിരമാളിക, വാക്സ് മ്യൂസിയം, മ്യൂസിയം ആര്ട്ട് ഗ്യാലറി, പ്ലാനറ്റേറിയം, വേളി, ശംഖുമുഖം, കോവളം എന്നിവിടങ്ങള് ഉള്പ്പെടുത്തിയാണ് യാത്ര ആരംഭിച്ചത്. തുടര്ന്നുള്ള ദിവസങ്ങളില് നെയ്യാര്ഡാം എലിഫന്റ് സഫാരി, കന്യാകുമാരി, പൊന്മുടി എന്നീ ടൂറിസ്റ്റു കേന്ദ്രങ്ങള് സന്ദര്ശിക്കുകയാണ്.

<u>നെയ്യാര്ഡാം എലിഫന്റ് സഫാരി : രൂപ.750/- (ഭക്ഷണം ഉള്പ്പെടെ).</u>

രാവിലെ 8 മണിക്ക് നെയ്യാര്ഡാം എലിഫന്റ് സഫാരി യാത്ര ആരംഭിക്കും. ഈ യാത്രയില് കോട്ടൂര് എലിഫന്റ് പാര്ക്ക്, ഡിയര് പാര്ക്ക്, ശിവാനന്ത ആശ്രമം, നെയ്യാര്ഡാം ബോട്ടിംഗ്, ശാസ്താം പാറ എന്നിവ ഉള്പ്പെടുത്തിയിരിക്കുന്നു.

<u>ത്രിവേണി സംഗമം (കന്യാകുമാരി).: രൂപ.1200/- (ഭക്ഷണം ഉള്പ്പെടെ).</u>

രാവിലെ 7.30 മണിക്ക് ത്രിവേണി സംഗമം യാത്ര ആരംഭിക്കും. ഈ യാത്രയില് പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി വിവേകാനന്ദപാറ, തിരുവള്ളുവര് പ്രതിമ, ഗാന്ധി മണ്ഡപം, ദേവി ക്ഷേത്ര ദര്ശനം, വട്ടക്കോട്ട എന്നീ സ്ഥലങ്ങള് ഉള്പ്പെടുത്തിയിട്ടുണ്ട്..

<u>പൊന്മുടി.: രൂപ.1200/- (ഭക്ഷണം ഉള്പ്പെടെ).</u>

രാവിലെ 8 മണിക്ക് പൊന്മുടി ഫോറസ്റ്റ് ട്രയല് യാത്ര ആരംഭിക്കും. ഈ യാത്രയില് മീന്മുട്ടി വെള്ളച്ചാട്ടം, പൊന്മുടി, പേപ്പാറ ഡാം എന്നീസ്ഥലങ്ങള് സന്ദര്ശിക്കും.